**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷ സെസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് സെസ്സ് ഏർപ്പെടുത്തിയത്; വ്യക്തമാക്കാമോ; | (എ) | 2023-ലെ കേരള ധനകാര്യ നിയമപ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഒരു ബോട്ടിലിന് 20 രൂപ നിരക്കിലും 1000 രൂപ മുതൽ മുകളിലോട്ട് വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 രൂപ നിരക്കിലുമാണ് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത്. |
| (ബി) | പ്രസ്തുത ഇനത്തിൽ നടപ്പ് വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരുമാനം എത്രയാണ്; പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു; വിശദാംശം നൽകുമോ; | (ബി) | 2023-24-ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 562 പ്രകാരം പ്രസ്തുത ഇനത്തിൽ 400 കോടി രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു എന്ന് പ്രഖ്യാപിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം 2023 ഡിസംബർ 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിൽ നിന്നും പിരിഞ്ഞു കിട്ടിയ തുക 157.54 കോടി രൂപയാണ് (Provisional). |
| (സി) | പ്രസ്തുത തുക സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേക്ക് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ